(ബി) എങ്കിൽ അവർ തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു ;

(സി) ഈ എസ്റ്റിമേറ്റ് സംസ്ഥാന വൈദ്യുതി ബോർഡ് അംഗീകരിച്ചുവോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ഡി) ഈ പദ്ധതിയുടെ പണിക്ക് വേണ്ടി ആര് സമർപ്പിച്ച എസ്റ്റിമേറ്റാണ് ബോർഡ് സ്വീകരിച്ചത് ;

(ഇ) പ്രസ്തുത എസ്റ്റിമേറ്റിലെ തുക എത്രയായിരുന്നു ;

(എഫ്) എത്ര തുക ചിലവാക്കിയാൽ ഈ പദ്ധതിയുടെ പണി പൂർത്തിയാക്കാമെന്നാണ് ബോർഡ് അംഗീകരിച്ച എസ്റ്റിമേറ്റ് തയ്യാറാക്കിയവർ പറഞ്ഞിട്ടുള്ളത് ;

(ജി) ഈ എസ്റ്റിമേറ്റ് സ്വീകരിക്കുവാനുള്ള കാരണം വെളിപ്പെടുത്തുമോ ;

(എച്ച്) ഈ എസ്റ്റിമേറ്റ് അനുസരിച്ചുള്ള പണി ആർക്കാണ് നൽകിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ,ബി,സി,ഡി,ഇ&എഫ്) ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ടുപ്രകാരമുള്ള എസ്റ്റിമേറ്റനുസരിച്ച് ടി പദ്ധതിക്ക് 1999-ൽ 315.90 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് ബോർഡിലെ ഉദ്യോഗസ്ഥർ തയ്യാറാക്കിയതാണ്. ബോർഡ് അംഗീകരിച്ചിട്ടുള്ള ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് അനുസരിച്ചുള്ള എസ്റ്റിമേറ്റ് തുകയാണ് ഇത്.

(ജി) നിലവിലുള്ള മാനദണ്ഡമനുസരിച്ച് സാങ്കേതിക സാമ്പത്തിക വിഭാഗങ്ങൾ പരിശോധിച്ചതിനു ശേഷമാണ് ബോർഡ് അംഗീകരിച്ചിട്ടുള്ളത്.

(എച്ച്) ഈ പദ്ധതിക്കുവേണ്ടി ആഗോള ടെണ്ടർ വിളിച്ചത് ഇവാല്യുവേറ്റ് ചെയ്തു വരുന്നതേയുള്ളൂ.

വൈദ്യുത അപകടംമൂലം മരണം സംഭവിച്ചവരുടെ അവകാശികൾക്ക് സഹായം

86 (238) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി അപകടംമൂലം മരണം സംഭവിക്കുന്നവരുടെ അനന്തരാവകാശികൾക്ക് നഷ്ട പരിഹാരം നൽകുന്ന എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) വൈദ്യുതി അപകടംമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്കും, അപകടംമൂലം അംഗവൈകല്യം സംഭവിക്കുന്നവർക്കും 50,000 രൂപ വരെ എക്സ്ഗ്രേഷ്യാ ആയി നൽകുന്നതിനുള്ള "വൈദ്യുതി സുരക്ഷാ ഇൻഷുറൻസ് പദ്ധതി" 1-1-2000 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

അർഹരായ വ്യക്തി വെള്ളക്കടലാസിൽ എഴുതിയ അപേക്ഷയും അപകടം സംഭവിച്ച എഫ്.ഐ.ആർ. മരണ സർട്ടിഫിക്കറ്റ്/മെഡിക്കൽ സർട്ടിഫിക്കറ്റ്, അവകാശ സർട്ടിഫിക്കറ്റ് എന്നിവയും കൂടി അപകടസ്ഥലത്തിന് അടുത്തുള്ള വൈദ്യുതി ഓഫിസ് മുഖാന്തിരം വൈദ്യുതി ബോർഡിലെ ചീഫ് പേഴ്സണൽ ഓഫീസർക്ക് അപേക്ഷിച്ചാൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

വൈദ്യുതി കൺസ്യൂമർ കാർഡ് സമ്പ്രദായം

87 (239) ശ്രീ. സത്യൻ മൊകേരി :
ശ്രീ. യു. എസ്. ശശി :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾ ആകെ എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് വൈദ്യുതി കൺസ്യൂമർ കാർഡ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി ഇതുവരെ എത്ര ഉപഭോക്താക്കൾ അപേക്ഷിച്ചിട്ടുണ്ട് ;

(ഡി) യഥാസമയം അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്ക് വീണ്ടും അപേക്ഷിക്കുവാൻ സൗകര്യം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) 30-4-2000-ലെ കണക്കനുസരിച്ച് 60,19,221 ഉപഭോക്താക്കളുണ്ട്.

(ബി) ഉണ്ട്.

(സി) ആദ്യഘട്ടത്തിൽ ഗാർഹിക ഉപഭോക്താക്കൾക്കാണ് കൺസ്യൂമർ കാർഡ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. 43,14,239 ഗാർഹിക ഉപഭോക്താക്കളിൽ 33,29,702 പേർ അപേക്ഷിച്ചിട്ടുണ്ട്.

(ഡി) തുടർന്നും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly